ഉത്തരം.

(എ) ഈ പാലത്തിന്റെ പണിക്കു് കൂടുതൽ തുക അനുവദിക്കണമെന്നു്, കൊല്ലം ഡി. ഡി. സി. യുടെ 31-7-1963-ൽ കൂടിയ യോഗം റസല്യൂഷൻ പാസ്സാക്കിയിട്ടുണ്ടു്.

(ബി) ഈ കാര്യം പരിഗണനയിലിരിക്കുന്നു.

(സി) ഈ പാലത്തിന്റെ പണി ദ്രുതഗതിയിൽ നടന്നുവരുന്നു.

കമ്പൗണ്ടിംഗു് പരിശീലനം.

75. [4] ശ്രീ. പി. സി. ആദിച്ചൻ ; താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ കമ്പൗണ്ടിംഗു് പരിശീലിപ്പിക്കുന്നതിനു് എവിടെയെല്ലാം ഇപ്പോൾ കേന്ദ്രങ്ങൾ ഉണ്ടു് ;

(ബി) ഓരോ കേന്ദ്രത്തിലും എത്രപേർക്കു് ഇപ്പോൾ പരിശീലനം കൊടുത്തുവരുന്നു;

(സി) അവരുടെ ജാതിതിരിച്ചുള്ള പട്ടിക മേശപ്പുറത്തു വെയ്ക്കുമോ ;

(ഡി) അവർക്കു പ്രതിമാസം സ്റ്റൈപ്പൻറു് കൊടുക്കുന്നുണ്ടോ ;

(ഈ) ഉണ്ടെങ്കിൽ എത്രയുക വീതം ;

(എഫു്) അവരെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്തു് ?

ഉത്തരം.

(എ, ബി) 1. ഡിസ്പെൻസറി ഹോസ്പിറ്റൽ, തിരുവനന്തപുരം 41 പേർക്കു്

2. ജനറൽ ഹോസ്പിറ്റൽ, എറണാകുളം 44 ,,

3. മെഡിക്കൽകോളേജു് ഹോസ്പിറ്റൽ, കോഴിക്കോടു് 41 ,,

4. ഡിസ്പെൻസറി ഹോസ്പിറ്റൽ, പാലക്കാടു് 36 ,,

(സി) മേശപ്പുറത്തു വെച്ചിട്ടുണ്ടു്. *

(ഡി) ഇല്ല.

(ഈ) ചോദ്യം ഉദിക്കുന്നില്ല.

(എഫു്) എസ്സു്. എസ്സു്. എൽ. സി. യ്ക്കു് കിട്ടിയിട്ടുള്ള മാർക്കിന്റെ അടിസ്ഥാനത്തിലും സാമുദായികപ്രാതിനിദ്ധ്യപരിഗണനയിലും കൂടിയാണു് പരിശീലകരെ തിരഞ്ഞെടുക്കുന്നതു്.

ഗവണ്മെൻറു് ആശുപത്രിക്കു് കെട്ടിടം

76. [6] ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോടുജില്ലായിൽ അരിക്കോടു് ഗവണ്മെൻറാശുപത്രിക്കു ഒരു കെട്ടിടം കെട്ടുവാൻ നാട്ടുകാരുടെവക ഒരു സ്ഥലം ഗവണ്മെൻറിലേക്കു് 1961-ൽ വിട്ടുതന്നിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത സ്ഥലത്തു് ഒരു കെട്ടിടം കെട്ടുന്നതിനുള്ള താമസമെന്തു് ;

* Appendix VII

LIBRARY ARCHIVES Kerala Legislative Assembly

(സി) മേൽപറഞ്ഞസ്ഥലത്തു് 12 ബെഡ്ഡുകളുള്ളതെ കെട്ടിടവും പോസ്റ്റു് മാർട്ടം ഷെഡ്ഡും കെട്ടുവാനായി 75000-ഉറുപ്പികയുള്ള പ്രപ്പോസൽ കോഴിക്കോട് മെഡിക്കൽ ആഫീസർ 1962 നവംബറിൽ ഗവണ്മെൻറിലേക്കു് അയച്ചിട്ടുണ്ടോ ;

(ഡി) 1964–65 വർഷത്തിലെങ്കിലും ഏറ്റവും അത്യാവശ്യമായ ടി ജോലി നടത്തുവാൻ ദയവുണ്ടാകുമോ ?

ഉത്തരം.

(എ) ഉണ്ടു്.

(ബി) വിട്ടതന്നിട്ടുള്ള സ്ഥലം കെട്ടിടം കെട്ടുന്നതിനു് മതിയാകാത്തതുകൊണ്ടും ഇതിലേക്കാവശ്യമുള്ള പണം ബഡ്ജറിൽ ലഭ്യമാകാതിരുന്നതുകൊണ്ടും.

(സി) ഇല്ല.

(ഡി) 1964-65–ലെ ബഡ്ജറു് പാസായതിനുശേഷമേ ഇതു് നിശ്ചയിക്കുകയുള്ളൂ.

CALLING ATTENTION TO MATTERS OF URGENT PUBLIC IMPORTANCE UNDER RULE 61

(i) Strike of the workers in the Modern wood-crafts Dharmadam.

9 a. m.] **Mr. Chairman** (Shri K. M. George) : Order, order. The question hour is over.

I have received a notice under Rule 61 from Shri K. Chandrasekharan. I call upon the hon. Member to make a Statement.

Shri K. Chandrasekharan: Mr. Chairman Sir, I may just bring to the notice of the hon. Labour Minister the serious situation caused in the Modern Woodcrafts Dharmadam near Tellicherry due to the strike of the employees. The strike commenced on 31-1-1964 and I understand that there have been so far ten conferences convened for the purpose of conciliation by the Assistant Labour Officer, Tellicherry and the District Labour Officer, Cannannore. It is also interesting to note that the police are resorting to arrests and removal of the striking employees. The demands they have put forward are quite justifiable. The unskilled labourers in the factory are getting Rs 1.25 each per day. There has been large scale increase in the bonus pattern of the officers and staff of the factory. They have demanded a 20 per cent increase in pay, 15 per cent increase in D. A. and 20 per cent increase in bonus which have already been put into effect by the management. But as far as the working employees are concerned, their demands were not met by the management. Even the reasonable suggestions made by the Labour Officers during conciliation conference had not been met by the management at all. I submit that the Government should bestow some attention on these matters. There have been strikes going on in a few places in the State and it is necessary that the strikes of this nature are avoided as far as possible. In this particular case the families of the

LIBRARY ARCHIVES Kerala Legislative Assembly